"ഭരണഭാഷ മാതൃഭാഷ"

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം -695 004,കേരള

CIN:U40100KL2011SGC027424 വെബ്സൈറ്റ്: www.kseb.in

ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

ടെലഫോൺ നമ്പർ: 0471 2514554 ഇമെയിൽ : safety@kseb.in

Ly.No. CSC/CSC level meeting minutes/2022-23/129 dtd 26/8/2022

18-07-2022 പകൽ 2 30 ന് വീഡിയോ കോൺഫറൻസ് മുഖേനെ കൂടിയ സി എസ് സി ലെവൽ സുരക്ഷാ യോഗത്തിന്റെ നടപടി കുറിപ്പ്.

പങ്കെടുത്തവർ

വിതരണ വിഭാഗങ്ങളിലെ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാർ , ചീഫ് സേഫ്റ്റി ഓഫീസർമാർ, സേഫ്റ്റി ഓഫീസർമാർ

ചീഫ് സേഫ്റ്റി കമ്മീഷണറുടെ അധ്യക്ഷതയിൽ പകൽ 2.30-ന് വീഡിയോ കോൺഫറൻസിംഗിലൂടെ മീറ്റിംഗ് ആരംഭിച്ചു. അധ്യക്ഷൻ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. യോഗ നടപടികൾ ആരംഭിച്ചു.

17-7-2022 ന് വൈദ്യുത അപകടത്തിൽ മരണമടഞ്ഞ കുത്താട്ടുകുളം ഇലക്ട്രിക്കൽ സെക്ഷനിലെ ലൈൻമാൻ ശ്രീ ഷറഫുദ്ദീനു ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഒരു മിനിറ്റ് മൗന പ്രാർത്ഥന നടത്തി.

അധ്യക്ഷൻ

ബോർഡ് ജീവനക്കാർക്കും പൊതുജനങ്ങൾക്കും ഈ അടുത്തകാലത്ത് സംഭവിക്കുന്ന വൈദ്യുത അപകടങ്ങളുടെ എണ്ണം കൂടുന്നതായാണ് ബോധ്യപ്പെട്ടിട്ടുള്ളത്. ഫീൽഡിൽ ശരിയായ രീതിയിൽ സുരക്ഷാ നടപടിക്രമങ്ങൾ പാലിക്കാത്തതുമൂലം വൈദ്യുതാപകടങ്ങൾ കൂടുതലായി സംഭവിക്കുന്നു. എല്ലാ ഫീൽഡ് ജീവനക്കാരും സേഫ്റ്റി പ്രൊസീജിയർ അനുസരിച്ചുള്ള സുരക്ഷ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മാത്രം വൈദ്യുത ജോലിയിൽ ഏർപ്പെടുകയാണെങ്കിൽ സംഭവിക്കുന്ന അപകടങ്ങളുടെ എണ്ണം കുറച്ചു കൊണ്ടുവരുവാൻ സാധിക്കുന്നതാണ്.

ബോർഡ് ലക്ഷ്യമിടുന്ന അപകടരഹിത വർഷം പ്രാബല്യത്തിൽ ആക്കുവാൻ എല്ലാ ജീവനക്കാരും പരിശ്രമിക്കേണ്ടതാണ്. വൈദ്യുത സുരക്ഷയുമായി ബന്ധപ്പെട്ട് ആരംഭിച്ച പദ്ധതികൾ എല്ലാം നിരന്തരമായ തുടർ നടപടികളിലൂടെ മാത്രമേ നിലനിർത്തുവാൻ സാധിക്കുകയുള്ളൂ. ഇതിനായി എല്ലാ ചീഫ് സേഫ്റ്റി ഓഫീസർമാരും സേഫ്റ്റി ഓഫീസർമാരും പരിശ്രമിക്കേണ്ടതാണ്.

എല്ലാ സുരക്ഷാ ഓഫീസർമാരും ഫീൽഡ് ജീവനക്കാരുടെ **സുരക്ഷാ** നിലവാരം ഉയർത്തുന്നതിനും ഫീൽഡ് ജീവനക്കാരുടെ സുരക്ഷാസംസ്കാരം വളർ**ത്തി എടുക്ക**ന്നതിനായും പരിശ്രമിക്കേണ്ടതാണ്. കെ എസ് ഇ ബി എല്ലിൽ മികച്ച ഒരു സുരക്ഷാ **സംവി**ധാനമാണ് നിലവിലുള്ളത്. എന്നിരുന്നാലും ജീവനക്കാർക്ക് വളരെയധികം **അപകട**ങ്ങൾ സംഭവിക്കുന്നത് സൂപ്പർവൈസറി ജീവനക്കാരുടെയും മറ്റും വീഴ്ച മൂലമാണ്.

അപകടരഹിതമാക്കുന്നതിനായി പ്രയത്നിക്കേണ്ടത് സുരക്ഷാ വിഭാഗത്തിലെ **ഓരോ** ജീവനക്കാരന്റെയും ഉത്തരവാദിത്വമാണ്. ഇതിനായി എല്ലാവരും ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതാണ്. വരുംകാലങ്ങൾ അപകടരഹിതമാക്കുന്നതിനായി എല്ലാവരും ശ്രമിക്കണം.

മീറ്റിംഗുമായി ബന്ധപ്പെട്ട പവർ പോയിന്റ് പ്രസന്റേഷൻ അവതരിപ്പിക്കുന്നതിനായി ചീഫ് സേഫ്റ്റി കമ്മീഷണറുടെടെ ഓഫീസിലെ അസിസ്റ്റന്റ് എൻജിനീയർ ശ്രീ അനന്തകൃഷ്ണനെ അധ്യക്ഷൻ ക്ഷണിച്ചു .

- മെയ്-ജൂൺ മാസക്കാലയളവിൽ സംഭവിച്ച അപകടങ്ങളുടെ വിശദമായ അവലോകനം, (ഉള്ളടക്കമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്)
- സുരക്ഷാ വിഭാഗത്തിൽ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ,
- മെയ്-ജൂൺ മാസക്കാലയളവിൽ സംഭവിച്ച അപകടങ്ങൾ, കഴിഞ്ഞ വർഷം ഇതേ കാലയളവിൽ സംഭവിച്ച അപകടങ്ങളുടെ എണ്ണവുമായി താരതമ്യ പഠനം, (ഉള്ളടക്കമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്)
- കഴിഞ്ഞ രണ്ടുവർഷം സംഭവിച്ച അപകടങ്ങളുടെ താരതമ്യം, (ഉള്ളടക്കമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്)
- മെയ്-ജൂൺ മാസക്കാലയളവിൽ സംഭവിച്ച അപകടങ്ങളുടെ കാരണങ്ങൾ,
- വിതരണ മേഖലകളിലെ സർക്കിളുകൾ തിരിച്ച് സംഭവിച്ച അപകടങ്ങളുടെ അവലോകനം,
- ബോർഡ് ജീവനക്കാർക്ക് സുരക്ഷാപാളിച്ച മൂലം സംഭവിച്ച അപകടങ്ങളുടെ അവലോകനം,
- മെയ്-ജൂൺ മാസക്കാലയളവിൽ ബോർഡ് ജീവനക്കാർക്കും കരാർ ജീവനക്കാർക്കും സംഭവിച്ച പ്രധാനപ്പെട്ട അപകടങ്ങളുടെ അവലോകനം ,

തുടങ്ങിയവ പവർ പോയിൻറ് പ്രസന്റേഷൻ വഴി വിശദമായി അവതരിപ്പിച്ചു.

അധ്യക്ഷൻ

- ഫീൽഡ് ജീവനക്കാർക്ക് നൂതന ഉപകരണങ്ങൾ കണ്ടെത്തുന്നതിനായി **മൈഡിയ** , ചേർത്തല പ്രവർത്തനം നടത്തുന്നുണ്ട്.
- ഫീൽഡ് ജീവനക്കാർ വൈദ്യുത ജോലികൾക്കായി പോകുമ്പോൾ 14 ഐറ്റം അടങ്ങിയ സുരക്ഷാ കിറ്റ് കൃത്യമായി കൂടെ കരുതേണ്ടതാണ്.
- അപകടങ്ങൾ ഒഴിവാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനൊപ്പം സേഫ്റ്റി ഓഫീസർ എന്ന നിലയിൽ അപകടത്തിനിരയായവരുടെ ക്ഷേമാന്വേഷണങ്ങൾ നടത്തുന്നതിനും പ്രാധാന്യം നൽകുവാനും നിർദ്ദേശം നൽകി.
- വൈദ്യുത സുരക്ഷയുമായി ബന്ധപ്പെട്ട പൊതുജന ബോധവൽക്കരണ പരിപാടികൾ കൂടുതലായി സംഘടിപ്പിക്കുവാൻ നിർദ്ദേശം നൽകി.

- മെയ് , മുതൽ ജൂൺ വരെ സംഭവിച്ച അപകടങ്ങൾ വിശകലനം ചെയ്യുന്നതിനും സുരക്ഷാപ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാരെ അധ്യക്ഷൻ ക്ഷണിച്ചു.
- ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ ഡിസ്ട്രിബ്യൂഷൻ സൗത്ത് യോഗത്തിൽ സന്നിഹിതനായിരുന്നില്ല.

ചീഫ് സേഫ്റ്റി ഓഫീസർ , ഇലക്ട്രിക്കൽ സർക്കിൾ , തിരുവനന്തപുരം

- തിരുവനന്തപുരം ഇലക്ട്രിക്കൽ സർക്കിളിന് കീഴിൽ മെയ് മുതൽ ജൂൺ വരെ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.
- സേഫ്റ്റി ഓഫീസർമാർ സേഫ്റ്റി ഇൻസ്പെക്ഷനുകൾ, സ്മാർട്ടിൽ അപ്‌ലോഡ് ചെയ്യുന്നുണ്ട്.
- ഡിവിഷൻ ലെവൽ, സബ് ഡിവിഷൻ ലെവൽ സുരക്ഷാ യോഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.
- സുരക്ഷാ ഉപകരണങ്ങൾ പുതുതായി വന്ന ജീവനക്കാർക്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ നിലവിലുള്ള ജീവനക്കാരുടെ കേടായ സുരക്ഷാ ഉപകരണങ്ങൾ മാറ്റി പുതിയവ വാങ്ങി നൽകിയിട്ടുണ്ട്.
- സൺറൈസ് മീറ്റിംഗിനോടൊപ്പം, സുരക്ഷാ വിജ്ഞാന സദസ്സ് കൃത്യമായും നടത്തുന്നുണ്ട്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്-മായി ചേർന്ന് ജനറേറ്ററുകളുടെ ഇൻസ്പെക്ഷനുകൾ ഇപ്പോൾ നടക്കുന്നില്ല.
- ചെറിയതോതിൽ സെക്ഷൻ ലെവലിൽ ജനറേറ്റർ ഇൻസ്പെക്ഷനുകൾ നടത്തി പോരായ്മ കണ്ടെത്തിയതിന് നോട്ടീസുകൾ വിതരണം ചെയ്തിട്ടുണ്ട്.

അധ്യക്ഷൻ

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്-മായി ചേർന്ന് ജനറേറ്ററുകളുടെ ഇൻസ്പെക്ഷനുകൾ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ് .

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ ഇൻ ചാർജ് ഓഫ് ചീഫ് സേഫ്റ്റി ഓഫീസർ , ഇലക്ട്രിക്കൽ സർക്കിൾ , കാട്ടാക്ക ട

- കാട്ടാക്കട സർക്കിളിന് കീഴിൽ മെയ്, ജൂൺ മാസങ്ങളിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.
- സേഫ്റ്റി ഓഫീസർമാർ പത്തിന് മുകളിൽ സേഫ്റ്റി ഇൻസ്പെക്ഷനുകൾ നടത്താറുണ്ട്.
- എല്ലാ സെക്ഷൻ ഓഫീസിന് കീഴിലും മൈക്ക് അനൗൺസ്മെൻറ്, സുരക്ഷാ ബോധവൽകരണ ക്ലാസുകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ സബ് ഡിവിഷനു കീഴിലും ഓപ്പറേഷൻ മിന്നൽ നടത്തിയിട്ടുണ്ട്. കൂടാതെ സർക്കിളിനു കീഴിൽ നടപ്പിലാക്കിയ മറ്റ് സുരക്ഷാപരിപാടികളും വിശദീകരിച്ചു.

ചീഫ് സേഫ്റ്റി ഓഫീസർ , ഇലക്ട്രിക്കൽ സർക്കിൾ , കൊല്ലം

- മെയ്, ജൂൺ മാസങ്ങളിൽ കൊല്ലം സർക്കിളിന് കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.

- കൺസ്യൂമർ ഇൻസ്റ്റലേഷനുകളിൽ E LC B സ്ഥാപിക്കാത്തതുമൂലം കൂടുതൽ അപകടങ്ങൾ സംഭവിക്കുന്നുണ്ട്.
- ശരിയായ സുരക്ഷ നടപടിക്രമങ്ങൾ പാലിക്കാത്തത് മൂലമാണ് പെരിനാട് ഇലക്ട്രിക്കൽ സെക്ഷനിൽ ബോർഡ് ജീവനക്കാരന് അപകടം സംഭവിച്ചത്.
- ജൂൺ മാസത്തിൽ പൊതുജനങ്ങൾക്ക് കൂടുതലായി അപകടങ്ങൾ സംഭവിച്ചത് മൂലം പൊതുജന ബോധവൽക്കരണ പരിപാടികൾ കൂടുതലായി സംഘടിപ്പിച്ചിട്ടുണ്ട്.
- സെക്ഷനുകളിൽ മൈക്ക് അനൗൺസ്മെൻറ് നടത്തുന്നതിനും സൺറൈസ് മീറ്റിംഗ് കൃത്യമായി സംഘടിപ്പിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വിദ്യാലയങ്ങൾ, കുടുംബശ്രീ തുടങ്ങിയവ കേന്ദ്രീകരിച്ച് പൊതുജന ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഫയർ ആൻഡ് റെസ്ക്യൂ ഫസ്റ്റ് എയ്ഡ് ക്ലാസ്സ് സംഘടിപ്പിച്ചിട്ടുണ്ട്.ഇരുപത്തേഴു സെക്ഷനുകളിലും സേഫ്റ്റി ഓഡിറ്റ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.
- ചീഫ് സേഫ്റ്റി ഓഫീസർ സുരക്ഷയുമായി ബന്ധപ്പെട്ട് നടത്തിയ മറ്റു പ്രവർത്തനങ്ങളും വിശദീകരിച്ചു .
- ജിയോ കമ്മ്യൂണിക്കേഷൻ കമ്പനിക്കാർ, കെഎസ്ഇബി എൽ-ന്റെ ലൈനുകൾക്ക് താഴെ ഇരുമ്പ് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനെതിരെ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടും പ്രസ്തുത പ്രവർത്തി തുടർന്നുകൊണ്ടിരിക്കുകയാണ്. ഇതു തടയുന്നതിനായി മേൽ നിർദ്ദേശങ്ങൾ അഭ്യർത്ഥിച്ചു .

അധ്യക്ഷൻ

ഈ വിഷയം ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും ഇതിനെതിരായി എന്താണ് ചെയ്യേണ്ടത് എന്നുമുള്ള മാർഗ്ഗനിർദ്ദേശം കൃത്യമായി അടുത്ത ആഴ്ച ലഭിക്കുന്നതാണ് എന്നും മറുപടി നൽകി. പൊതുജന ബോധവൽക്കരണ പരിപാടികൾ കൂടുതലായി സംഘടിപ്പിക്കുവാനും നിർദ്ദേശം നൽകി .

ചീഫ് സേഫ്റ്റി ഓഫീസർ , ഇലക്ട്രിക്കൽ സർക്കിൾ , കൊട്ടാരക്കര

- മെയ്, ജൂൺ മാസങ്ങളിൽ കൊട്ടാരക്കര സർക്കിളിനു കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.
- സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ കുടുംബശ്രീ വഴി സംഘടിപ്പിച്ചിട്ടുണ്ട്. സേഫ്റ്റി ഓഫീസർമാർ സുരക്ഷാ പരിശോധനകൾ നടത്തുന്നുണ്ട്.ലോക്കൽ അഡ്വൈസറി അംഗങ്ങളുമായി ചേർന്ന് മീറ്റിംഗുകൾ സംഘടിപ്പിച്ച് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാറുണ്ട്. വെൽഡേഴ്സ് അസോസിയേഷനുമായി സഹകരിച്ച് സുരക്ഷാ ക്ലാസ്സ് സംഘടിപ്പിച്ചിട്ടുണ്ട്.
- മൈക്ക് അനൗൺസ്മെൻറ്, സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ ,സുരക്ഷയുമായി ബന്ധപ്പെട്ട ലഘുലേഖ വിതരണം, വിദ്യാലയങ്ങളിലെ സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ എന്നിവ നടത്തിയിട്ടുണ്ട്.

ചീഫ് സേഫ്റ്റി ഓഫീസർ , ഇലക്ട്രിക്കൽ സർക്കിൾ , പത്തനം തിട്ട

- പത്തനംതിട്ട സർക്കിളിനു കീഴിൽ മെയ്- ജൂൺ മാസങ്ങളിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.
- പൊതുജന ബോധവൽക്കരണത്തിനായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് സുരക്ഷാ ക്ലാസുകൾ നടത്തുന്നുണ്ട്.
- ഓപ്പറേഷൻ ശുദ്ധി, ഓപ്പറേഷൻ മിന്നൽ തുടങ്ങിയ സുരക്ഷാപ്രവർത്തനങ്ങളും നടത്തുന്നുണ്ട്.
- സെക്ഷനുകളിൽ സ്പേയ്സറുകളുടെയും കണ്ടക്ടറുകളുടെയും ലഭ്യതക്കുറവ് അനുഭവപ്പെടുന്നുണ്ട് .

അധ്യക്ഷൻ

- സ്പേയ്സറുകൾ ലോക്കൽ പർച്ചേസ് ചെയ്യുന്നതിനായി നിർദ്ദേശം നൽകി.
- റാബ്ബിറ്റ് കണ്ടക്ടറുകളുടെ പർച്ചേസ് നടപടിക്രമങ്ങൾ എസ് സി എം വഴി നടക്കുന്നുണ്ട്. കണ്ടക്ടറുകൾ ഉടനെ സെക്ഷനുകളിൽ ലഭ്യമാകുന്നതാണ് എന്ന് മറുപടി നൽകി.

ചീഫ് സേഫ്റ്റി ഓഫീസർ , ഇലക്ട്രിക്കൽ സർക്കിൾ , കോട്ടയം

- കോട്ടയം സർക്കിളിന് കീഴിൽ മെയ്- ജൂൺ മാസങ്ങളിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.
- ബോർഡ് ജീവനക്കാർക്കും കരാർ ജീവനക്കാർക്കും ട്രെയിനിങ് ക്ലാസുകൾ, വിദ്യാലയങ്ങൾ, കുടുംബശ്രീ എന്നിവ കേന്ദ്രീകരിച്ച് വൈദ്യുതി സുരക്ഷാ ബോധവൽക്കരണ പരിപാടികൾ, മൈക്ക് അനൗൺസ്മെൻറ് എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.
- സുരക്ഷയുമായി ബന്ധപ്പെട്ട് സർക്കിളിന് കീഴിൽ സംഘടിപ്പിച്ച മറ്റു പ്രവർത്തനങ്ങളും വിശദീകരിച്ചു.
- സേഫ്റ്റി ഓഫീസർമാർ സുരക്ഷാ പരിശോധനകൾ നടത്തുന്നുണ്ട്

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ ഇൻ ചാർജ് ഓഫ് ചീഫ് സേഫ്റ്റി ഓഫീസർ , ഇലക്ട്രിക്കൽ സർക്കിൾ , പാലാ

- പാലാ സർക്കിളിൽ മെയ്, ജൂൺ മാസങ്ങളിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.
- വായനശാല, കുടുംബശ്രീ കേന്ദ്രീകരിച്ച് സുരക്ഷാ ക്ലാസുകൾ സബ് ഡിവിഷൻ ലെവലിൽ നടത്തുന്നുണ്ട് .ഉപഭോക്താക്കളെ ഉൾപ്പെടുത്തി വാട്സ് ആപ്പ് കൂട്ടായ്മകൾ ഉണ്ടാക്കിയിട്ടുണ്ട്. സേഫ്റ്റി ഓഫീസർമാർ പത്തു വീതം സുരക്ഷാപരിശോധനകൾ നടത്തിയിട്ടുണ്ട്.ജനറേറ്റർ ഇൻസ്പെക്ഷനുകൾ 455 എണ്ണം ഇതുവരെ നടത്തിയിട്ടുണ്ട്.
- ഇലക്ട്രിക്കൽ ഇൻസ്പെക്ടറുമായി ചേർന്ന് 100 പരിശോധനകൾ ഇതുവരെ നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ അപാകതകൾ കണ്ടെത്തിയ സ്ഥലങ്ങളിൽ

നോട്ടീസുകൾ വിതരണം ചെയ്തിട്ടുണ്ട്. സർക്കിളിനു കീഴിൽ നടത്തിയ മറ്റ് സുരക്ഷാ പ്രവർത്തനങ്ങളും വിശദീകരിച്ചു .

അധ്യക്ഷൻ

- വിദ്യാലയങ്ങളിലെ അധ്യാപക-വിദ്യാർത്ഥി വാട്സ്ആപ്പ് കൂട്ടായ്മകൾ വഴിയും ലോക്കൽ സെൽഫ് ഗവൺമെൻറ് ഡിപ്പാർട്ട്മെൻറ് വഴിയും വൈദ്യുത സുരക്ഷ സംബന്ധിച്ച് പൊതുജന ബോധവൽക്കരണ ക്ലാസുകൾ നടത്തേണ്ടതാണ്.
- സൗത്ത് മേഖലയിൽ ഏറ്റവും കൂടുതൽ അപകടം സംഭവിച്ചത് കാട്ടാക്കട ഇലക്ട്രിക്കൽ സർക്കിളിന് കീഴിലും, ഏറ്റവും കുറവ് പാലാ സർക്കിളിന് കീഴിലും ആണ്. കാട്ടാക്കട സർക്കിളിനു കീഴിൽ അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്. ഏറ്റവും കുറവ് അപകടങ്ങൾ സംഭവിച്ച പാലാ സർക്കിളിലെ സുരക്ഷാ പ്രവർത്തനങ്ങൾ മറ്റ് സർക്കിളുകളും പിന്തുടർന്ന് അപകടങ്ങൾ കുറച്ചു കൊണ്ടുവരേണ്ടതാണ്.

ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ , ഡിസ്ട്രിബ്യൂഷൻ. (സെൻട്രൽ)

- സെൻട്രൽ മേഖലയിൽ മെയ്-ജൂൺ മാസക്കാലയളവിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.
- പൊതുജനങ്ങൾക്ക് ലോഹ തോട്ടികൾക്ക് പകരം ഇൻസുലേറ്റഡ് തോട്ടികൾ കെഎസ്ഇബി എൽ വിതരണം ചെയ്യുന്ന ഉത്തരവ് മീറ്റിംഗുകളിൽ ചർച്ച ചെയ്തിരുന്നു. ഇത്തരത്തിൽ വിതരണം ചെയ്യുന്ന ലോഹ തോട്ടികളുടെ ഇൻസുലേഷൻ സ്ട്രെങ്ത് ഉറപ്പുവരുത്തുവാൻ സാധിക്കുമോ എന്ന കാര്യത്തിൽ ആശങ്ക പങ്കുവെച്ചു. ഇത്തരത്തിൽ വിതരണം ചെയ്യുന്ന ഇൻസുലേറ്റഡ് തോട്ടികളുടെ ഇൻസുലേഷൻ സ്ട്രെങ്ത് കുറയുന്നതുമൂലം പൊതുജനങ്ങൾക്ക് സംഭവിച്ചേക്കാവുന്ന അപകടങ്ങളെ കുറിച്ചും ആശങ്കകൾ പങ്കുവച്ചു. ഇത്തരത്തിൽ വിതരണം ചെയ്യുന്ന തോട്ടികൾ പൊതുജനങ്ങൾ അജ്ഞത മൂലം 110 കെവി ലൈനിന് സമീപമോ 33 കെ വി ലൈനുകൾക്ക് സമീപമോ ഉപയോഗിക്കുവാൻ സാധ്യതയുണ്ട് എന്ന ആശങ്കയും പങ്കുവെച്ചു
- സേഫ്റ്റി ഓഫീസർമാർ സുരക്ഷാ പരിശോധനകൾ നടത്തുന്നുണ്ട്.എർത്ത് റോഡിലേക്ക് കണക്ട് ചെയ്യുന്ന എർത്ത് വയറുകൾ പലപ്പോഴും ലൂസായ നിലയിലും, പൂർണമായ രീതിയിൽ എർത്ത് റോഡിലേക്ക് കോൺടാക്ട് കിട്ടാത്ത രീതിയിലുമാണ് പലപ്പോഴും ഫീൽഡിൽ എർത്തിങ് ചെയ്യാറുള്ളത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം മീറ്റിംഗുകളിൽ ചർച്ച ചെയ്തു , ഇത്തരം പ്രവർത്തനങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

അധ്യക്ഷൻ

പൊതുജനങ്ങൾക്കിടയിൽ ലോഹ തോട്ടികൾ ഉപയോഗിക്കുന്നതിനെതിരെ ബോധവൽക്കരണം എന്ന നിലയിൽ ഒരു പരീക്ഷണാടിസ്ഥാനത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്ന ഇൻസുലേറ്റഡ് തോട്ടികൾക്ക് 33 കെ വി അല്ലെങ്കിൽ 11 കെ വി ഇൻസുലേഷൻ നിലവാരം ഉള്ളതായിരിക്കും . ഇത്തരം തോട്ടികൾ വ്യാപകമായി കെഎസ്ഇബി എൽ വിതരണം

ചെയ്യുവാൻ ഉദ്ദേശിക്കുന്നില്ല.. *ലോഹ തൊട്ടികൾ ഉപയോഗിക്കുവാൻ പാടില്ല* എന്ന സന്ദേശം പൊതുജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുവാനാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഉദ്ദേശിക്കുന്നത്. വിശദമായ ചർച്ചയിലൂടെ മാത്രമേ ഈ കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുകയുള്ളൂ എന്നും ഈ കാര്യങ്ങൾ ഡയറക്ടർ തലത്തിൽ ചർച്ച ചെയ്യുന്നുണ്ടെന്നും മറുപടി നൽകി.

- കൃത്യമായ ഇടവേളകളിൽ സുരക്ഷാ ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിനായി നടപടികൾ സ്വീകരിക്കുവാൻ അധ്യക്ഷൻ നിർദ്ദേശം നൽകി.

ചീഫ് സേഫ്റ്റി ഓഫീസർ , ഇലക്ട്രിക്കൽ സർക്കിൾ , പെരുമ്പാവൂർ

- മെയ്- ജൂൺ മാസക്കാലയളവിൽ പെരുമ്പാവൂർ സർക്കളിനു കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു .

- കൂത്താട്ടുകുളം ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ ലൈൻമാൻ-നു സംഭവിച്ച അപകടമരണം വിശദീകരിച്ചു . ജീവനക്കാർക്ക് ആവശ്യമായ സുരക്ഷ ട്രെയിനിംഗുകൾ നൽകിയിട്ടും അശ്രദ്ധ മൂലം അപകടങ്ങൾ സംഭവിക്കുന്നു.

- അതിഥി തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകൾ സന്ദർശിച്ച് വൈദ്യുത സുരക്ഷ സംബന്ധിച്ച ക്ലാസുകളും ലഘുലേഖ വിതരണവും നടത്തിയിട്ടുണ്ട്.

- വിദ്യാലയങ്ങളിൽ വൈദ്യുതി സുരക്ഷ സംബന്ധിച്ച ക്ലാസുകൾ സംഘടിപ്പിക്കുന്നുണ്ട്. സെക്ഷൻ, സബ് ഡിവിഷൻ, ഡിവിഷൻ ലെവൽ സുരക്ഷ മീറ്റിംഗുകൾ കൃത്യമായി സംഘടിപ്പിക്കുന്നുണ്ട്. പൊതുജനങ്ങൾക്കു കൂടുതൽ അപകടങ്ങൾ സംഭവിക്കുന്നത് ലോഹ തോട്ടികളുടെ ഉപയോഗം മൂലമാണ്.

- ജിയോ കമ്പനിയുടെ ഇരുമ്പ് പോസ്റ്റുകൾ വൈദ്യുത ലൈനുകൾക്ക് സമീപം സ്ഥാപിക്കുന്നതിനെതിരെ പെരുമ്പാവൂർ സർക്കിളിന് കീഴിൽ സ്റ്റോപ്പ് മെമ്മോ നൽകി വർക്കുകൾ നിർത്തിവച്ചിരുന്നു. ഇപ്പോൾ അവർ എറണാകുളം A D M -ന്റെ ഒരു ഉത്തരവ് ഹാജരാക്കിയിട്ടുണ്ട്. അതിൽ സിഇഎ റെഗുലേഷൻ പ്രകാരം ഇൻസുലേറ്റഡ് പോളുകൾ വൈദ്യുത ലൈനുകൾക്ക് സമീപം സ്ഥാപിക്കാവുന്നതാണ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രകാരം ജിയോ കമ്പനി, ഇരുമ്പ് പോസ്റ്റുകൾ സ്ഥാപിക്കുവാൻ അനുവാദം ചോദിച്ചിരുന്നു. എന്നാൽ അനുമതി നൽകിയിരുന്നില്ല. സിഇഎ റെഗുലേഷൻ പ്രകാരം ഇൻസുലേറ്റഡ് കണ്ടക്ടറുകൾ സ്ഥാപിക്കുന്നതിനാണ് അനുമതിയുള്ളത്. അതിനാൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ ബാക്കിയുള്ള സ്ഥലങ്ങളിൽ അനുമതി ഇല്ലാതെ ലൈനുകൾക്ക് സമീപം സ്ഥാപിച്ചിരിക്കുന്ന ഇരുമ്പ് പോസ്റ്റുകൾ മാറ്റുന്നതിനായി പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. പട്ടിമറ്റം സെക്ഷനു കീഴിലും പെരുമ്പാവൂർ സെക്ഷനു കീഴിലും ഇത്തരത്തിൽ ലൈനുകൾക്ക് സമീപം ഇരുമ്പ് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനെതിരെ പോലീസ് കേസ് ഫയൽ ചെയ്തിട്ടുണ്ട്.

- ഇത്തരത്തിൽ പോസ്റ്റുകൾ സ്ഥാപിക്കുന്ന കമ്പനിയുടെ വർക്ക് സൂപ്പർവൈസർക്കെതിരെയോ മാനേജർക്കെതിരെയോ ഫീൽഡിൽ നിന്ന് ക്രിമിനൽ കേസ് ഫയൽ ചെയ്യുന്നതും നന്നായിരിക്കും.

- ഇതു കൂടാതെ വൈദ്യുത ലൈനുകൾക്ക് താഴെ ഇൻസുലേറ്റഡ് പോസ്റ്റുകൾ ഉപയോഗിക്കുന്നതിനു ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന് ഒബ്ജക്ഷൻ ഇല്ല എന്ന രീതിയിൽ റിലയൻസ് കമ്പനിക്ക് ഇൻസ്പെക്ടറേറ്റിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ട്.

ചീഫ് സേഫ്റ്റി ഓഫീസർ , ഇലക്ട്രിക്കൽ സർക്കിൾ , എറണാകുളം

- എറണാകുളം സർക്കിളിന് കീഴിൽ മെയ് ജൂൺ മാസക്കാലയളവിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു .
- ഇലക്ട്രിക് പോസ്റ്റുകളിൽ അനുമതിയില്ലാതെ കൂടുതലായി കേബിൾ ടി വി ഓപ്പറേറ്റർമാർ കേബിളുകൾ വലിച്ചിരിക്കുന്നത് വളരെയധികം സുരക്ഷാ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.
- സുരക്ഷാ മീറ്റിംഗുകളും ഇൻസ്പെക്ഷനുകളും കൃത്യമായി നടക്കുന്നുണ്ട്. ഇന്റർ ഡിവിഷൻ ഇൻസ്പെക്ഷനുകൾ നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ജീവനക്കാർക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ വാങ്ങി നൽകുന്നുണ്ട്.
- സുരക്ഷാ ട്രെയിനിംഗുകളും സുരക്ഷാ വിജ്ഞാന സദസ്സുകളും സംഘടിപ്പിക്കുന്നുണ്ട്.
- സബ് ഡിവിഷൻ ലെവൽ സേഫ്റ്റി ഓഡിറ്റ് നടത്തിയിട്ടുണ്ട്.
- പൊതുജന ബോധവൽക്കരണത്തിനായി മൈക്ക് അനൗൺസ്മെൻറ് സംഘടിപ്പിച്ചിട്ടുണ്ട്.

അധ്യക്ഷൻ

- ഉപയോഗത്തിൽ ഇല്ലാത്ത പോസ്റ്റുകളും ലൈനുകളും അഴിച്ചു മാറ്റുന്നതിനായുള്ള നടപടികൾ എല്ലാവരും സ്വീകരിക്കേണ്ടതാണ്. ബേപ്പൂർ സെക്ഷൻ പരിധിയിൽ കഴിഞ്ഞ ദിവസം ഉപയോഗത്തിൽ ഇല്ലാത്ത പോസ്റ്റുകൾ നീക്കം ചെയ്യുന്നതിനിടെ ഒരു ബൈക്ക് യാത്രികന് അപകടം സംഭവിക്കുകയും മരണപ്പെടുകയും ഉണ്ടായി . കൃത്യമായ ലൈൻ പട്രോളിംഗ് നടത്തി പൊതുജനങ്ങൾക്ക് മറ്റും അപകടകരമായ നിലയിൽ സ്ഥിതി ചെയ്യുന്നതും ഉപയോഗത്തിലില്ലാത്തതുമായ ലൈനുകൾ അഴിച്ചു മാറ്റുന്നതിനുള്ള നടപടികൾ എല്ലാവരും സ്വീകരിക്കേണ്ടതാണ്.

ചീഫ് സേഫ്റ്റി ഓഫീസർ , ഇലക്ട്രിക്കൽ സർക്കിൾ , തൃശ്ശൂർ

- മേയ്- ജൂൺ മാസകാലയളവിൽ തൃശ്ശൂർ സർക്കിളിനു കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.
- പൊതുജനങ്ങൾക്ക് വൈദ്യുത സുരക്ഷ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ വിദ്യാലയങ്ങൾ കുടുംബശ്രീ എന്നിവിടങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്.
- സുരക്ഷാപരിശോധനങ്ങൾ, ഓപ്പറേഷൻ തുണ, ഓപ്പറേഷൻ മിന്നൽ എന്നിവ നടത്തുന്നുണ്ട്.
- സെക്ഷൻ തലത്തിൽ സുരക്ഷാ വിജ്ഞാന സദസ്സ് സംഘടിപ്പിക്കുന്നുണ്ട്.
- unautherised ജനറേറ്റർ ഇൻസ്പെക്ഷനുകൾ നടത്തുന്നുണ്ട്.

- സബ് ഡിവിഷൻ. ഡിവിഷൻ ലെവൽ സുരക്ഷാ മീറ്റിംഗുകൾ സംഘടിപ്പിക്കുന്നുണ്ട്. ഓപ്പറേഷൻ ശുദ്ധി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇൻ ചാർജ് ഓഫ് , ചീഫ് സേഫ്റ്റി ഓഫീസർ , ഇലക്ട്രിക്കൽ സർക്കിൾ , ഹരിപ്പാട്

- ഹരിപ്പാട് സർക്കിളിന് കീഴിൽ മെയ്- ജൂൺ മാസകാലയളവിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.
- സുരക്ഷാ മീറ്റിങ്ങുകൾ നടത്തുന്നുണ്ട്. ജീവനക്കാർക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. ഓപ്പറേഷൻ ശുദ്ധി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.Unauthorised ജനറേറ്ററുകളുടെ ഇൻസ്പെക്ഷനുകൾ നടത്തുന്നുണ്ട്. പൊതുജന ബോധവൽക്കരണത്തിനായി മൈക്ക് അനൗൺസ്മെൻറ് സംഘടിപ്പിച്ചിട്ടുണ്ട്. ബാനറുകൾ, പോസ്റ്ററുകൾ തുടങ്ങിയവയുടെ പ്രദർശനം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. സുരക്ഷ വിജ്ഞാന സദസ്സ് നടക്കുന്നുണ്ട്.

ചീഫ് സേഫ്റ്റി ഓഫീസർ , ഇലക്ട്രിക്കൽ സർക്കിൾ , ആലപ്പുഴ

- ആലപ്പുഴ സർക്കിളിന് കീഴിൽ മെയ്- ജൂൺ മാസക്കാലയളവിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.
- സേഫ്റ്റി ഓഫീസർമാരും ചീഫ് സേഫ്റ്റി ഓഫീസർമാരും ഇൻസ്പെക്ഷനുകൾ നടത്തുന്നുണ്ട്. സുരക്ഷാ മീറ്റിംഗുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഓപ്പറേഷൻ ശുദ്ധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പൊതുജന ബോധവൽക്കരണത്തിനായി മൈക്ക് അനൗൺസ്മെൻറ്, വിദ്യാലയങ്ങളിൽ സുരക്ഷ ക്ലാസുകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. ജീവനക്കാർക്കും കരാർ ജീവനക്കാർക്കും സുരക്ഷാ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്. സുരക്ഷാ വിജ്ഞാന സദസ്സുകളും, സേഫ്റ്റി ഓഡിറ്റും നടത്തുന്നുണ്ട്.

ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ ഇരിങ്ങാലക്കുട

- മെയ്- ജൂൺ മാസക്കാലയളവിൽ ഇരിങ്ങാലക്കുട സർക്കിളിനു കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു. സുരക്ഷാപരിശോധനങ്ങൾ നടത്തുന്നുണ്ട്.
- എല്ലാ സെക്ഷനുകളിലും സേഫ്റ്റി ഓഡിറ്റ് നടത്തിയിട്ടുണ്ട്. സുരക്ഷാ വാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എല്ലാം നടത്തിയിട്ടുണ്ട്. ഓപ്പറേഷൻ ശുദ്ധി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സുരക്ഷാ വാരവുമായി ബന്ധപ്പെട്ട് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചു പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ചീഫ് സേഫ്റ്റി ഓഫീസർ ,ഇലക്ട്രിക്കൽ സർക്കിൾ , തൊടുപുഴ

- മൂന്ന് സബ് ഡിവിഷനുകളിൽ സേഫ്റ്റി ഓഫീസർമാർ ഇല്ലാത്തതിനാൽ ഇൻസ്പെക്ഷനുകൾ അധികം നടത്താൻ സാധിച്ചിട്ടില്ല. സുരക്ഷാ വാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പൊതുജന ബോധവൽക്കരണത്തിനായി ഇൻസ്പെക്ടറേറ്റ് മായി സഹകരിച്ച് സുരക്ഷാ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്. നാച്ചുറൽ കലാമിറ്റിയോട് അനുബന്ധിച്ച് സംഭവിക്കുന്ന അപകടങ്ങളുടെ എണ്ണം കൂടുന്നത് ആശങ്ക ഉണ്ടാക്കുന്നുണ്ട്.

അധ്യക്ഷൻ

- രാജകുമാരി സെക്ഷന് കീഴിൽ ട്രാൻസ്ഫോർമറിന്റെ ഡി ഓ ഫ്യൂസ് കെട്ടാൻ ശ്രമിക്കുന്നതിനിടെ ഒരു പൊതുജനത്തിന് ഷോക്കേൽക്കുകയും മരണപ്പെടുകയും ഉണ്ടായി .ട്രാൻസ്ഫോർമറിന്റെ ഡി ഒ ഫ്യൂസ് പൊതുജനം കെട്ടാൻ ഇടയായ സാഹചര്യം ഗൗരവമായി കാണേണ്ടതാണെന്നും ആയതിന്റെ കാരണവും അധ്യക്ഷൻ ആരാഞ്ഞു.

ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ തൊടുപുഴ

- സെക്ഷനിൽ നിന്ന് 60 കിലോമീറ്റർ മാറിയാണ് പ്രസ്തുത ട്രാൻസ്ഫോർമർ നിലകൊള്ളുന്നത്. ഫാക്ടറിയിലെ ലായങ്ങളിലെ സപ്ലൈ റെസ്റ്റോറേഷൻ വർക്കുകൾ നടത്തുന്നയാൾക്കാണ് ട്രാൻസ്ഫോർമറിന്റെ ഡി ഒ ഫ്യൂസ് കെട്ടാൻ ശ്രമിക്കുന്നതിനിടെ ഷോക്കേറ്റ് മരണപ്പെട്ടത്.

- ബോർഡിന്റെ അനുമതിയില്ലാത്ത ഇത്തരം പ്രവർത്തനങ്ങൾ ആവർത്തിക്കാതിരിക്കുവാൻ പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തിയിട്ടുണ്ട്.

അധ്യക്ഷൻ

- ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി അപകടം സംഭവിച്ച സ്ഥലത്ത് K S E B L-ന്റെ ഒരു റിമോട്ട് സെൻറർ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. ചീഫ് സേഫ്റ്റി കമ്മീഷണർ ഈ പ്രൊപ്പോസൽ recommend ചെയ്യുന്നതാണ് എന്നും അറിയിച്ചു. സെൻട്രൽ മേഖലയിൽ ഏറ്റവും കൂടുതൽ അപകടങ്ങൾ നടന്നത് ആലപ്പുഴ സർക്കിളിലും കുറവ് നടന്നത് ഹരിപ്പാട് സർക്കിളിലും ആണ്. ആലപ്പുഴ സർക്കിളിന് കീഴിൽ അപകടങ്ങൾ കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ചീഫ് സേഫ്റ്റി ഓഫീസർ എന്നിവർക്ക് അധ്യക്ഷൻ നിർദ്ദേശം നൽകി.

ചീഫ് സേഫ്റ്റി ഓഫീസർ ഇൻ ചാർജ് ഓഫ് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ , ഡിസ്ട്രിബ്യൂഷൻ നോർത്ത്

- മെയ്- ജൂൺ മാസ കാലയളവിൽ നോർത്ത് മേഖലയിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.

- ഈ കാലയളവിൽ പൊതുജനങ്ങൾക്ക് അപകട മരണങ്ങൾ സംഭവിച്ചതിന്റെ പ്രധാന കാരണം ലോഹ തോട്ടികളുടെ ഉപയോഗം , unauthorised എക്സ്റ്റൻഷൻ, ഇ എൽ സി ബി യുടെ അഭാവം എന്നിവയാണ്. ബേപ്പൂർ സെക്ഷന് കീഴിലും മരട് സെക്ഷനു കീഴിലും പോസ്റ്റ് ഡിസ്മാന്റിൽ ചെയ്യുന്നതിനിടെ അപകടമരണങ്ങൾ സംഭവിച്ചിട്ടുണ്ട്. തിരൂർ സർക്കിളിന് കീഴിൽ പുരങ്ങ് സെക്ഷനിൽ സ്ട്രീറ്റ്മെയിനിൽ നിന്ന് ഷോക്കേറ്റ് ഒരു കരാർ ജീവനക്കാരൻ മരണപ്പെട്ടു.

- മേഖലയിലെ എല്ലാ സെക്ഷനു കീഴിലും മൈക്ക് അനൗൺസ്മെൻറ് നടത്തിയിട്ടുണ്ട്.സുരക്ഷാ വാരവുമായി ബന്ധപ്പെട്ട് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുമായി സഹകരിച്ച് കരാർ ജീവനക്കാർക്കും ഇലക്ട്രിക്കൽ വയർമാൻമാർക്കും സുരക്ഷാ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്.സുരക്ഷയുമായി ബന്ധപ്പെട്ട ലഘുലേഖ വിതരണം,

സുരക്ഷാ സന്ദേശ യാത്ര, അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സുരക്ഷ ക്ലാസുകൾ, സുരക്ഷാ ബാനറുകളുടെ പ്രദർശനം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

- ജീവനക്കാർക്ക് സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ഫസ്റ്റ് എയിഡ് എന്നിവ സംബന്ധിച്ച ക്ലാസുകൾ നടത്തിയിട്ടുണ്ട്. സുരക്ഷാ പരിശോധനകൾ ,സേഫ്റ്റി ഓഡിറ്റ്, സുരക്ഷാ വിജ്ഞാന സദസ്സ്, വാട്സ്ആപ്പ് കൂട്ടായ്മകൾ എന്നിവ നടത്തുന്നുണ്ട്.

- കെഎസ്ഇബി എൽ-ന്റെ വൈദ്യുത പ്രവർത്തികൾ ലൈസൻസ് ഉള്ള കരാറുകാരെ ഉപയോഗിച്ച മാത്രമേ ചെയ്യുവാൻ പാടുള്ളൂ എന്ന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്ന് അറിയിച്ചിട്ടുണ്ട്. ഇത് എത്രത്തോളം പ്രാവർത്തികമാക്കുവാൻ സാധിക്കും എന്ന കാര്യത്തിൽ ആശങ്കയുണ്ട്.

- വരും തലമുറയെ വൈദ്യുത സുരക്ഷ സംബന്ധിച്ച് ബോധവാന്മാരാക്കുന്നതിനായി ഇലക്ട്രിക്കൽ സേഫ്റ്റി, വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിൽ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് നന്നായിരിക്കും.

- സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ഓപ്പറേഷൻ ശുദ്ധി തുടങ്ങിയവയുടെ ഫോർമാറ്റുകൾ കൂടി ഉൾപ്പെടുത്തിയാൽ ഇത്തരം ഫോർമാറ്റുകൾക്ക് ഒരു യൂണിഫോമിറ്റി ഉണ്ടായിരിക്കുന്നതാണ്.

- കൊയിലാണ്ടി സബ് ഡിവിഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വൈദ്യുതി ജോലിയിൽ ഏർപ്പെടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്

അധ്യക്ഷൻ

- കരാറുകാരുടെ ലൈസൻസുമായി ബന്ധപ്പെട്ട വിഷയം ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നു മറുപടി നൽകി. ഇപ്പോൾ വൈദ്യുതാപകടങ്ങൾ കൂടുതലായി സംഭവിക്കുന്നത് കരാർ ജീവനക്കാർക്കാണ് ലൈസൻസ് ഉള്ള കരാറുകാർ സുരക്ഷയെ കുറിച്ച് കൂടുതൽ ബോധവാന്മാർ ആയിരിക്കും അതിനാൽ എല്ലാ കരാറുകാരെയും ലൈസൻസ് എടുക്കുന്നതിനായി പ്രോത്സാഹിപ്പിക്കുവാനും നിർദ്ദേശം നൽകി.

- സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ആവശ്യം വരുത്തേണ്ട മോഡിഫിക്കേഷൻ ഇമെയിൽ ആയി അറിയിക്കുവാൻ നിർദ്ദേശിച്ചു.

- പ്രസ്തുത ചെക്ക് ലിസ്റ്റ് ഇ-മെയിൽ ആയി സമർപ്പിക്കുവാനും അധ്യക്ഷൻ നിർദ്ദേശം നൽകി. അടുത്ത യോഗത്തിൽ പ്രസ്തുത ചെക്ക് ലിസ്റ്റ് പ്രസന്റേഷനു സമയം അനുവദിക്കുന്നതാണ് എന്നും മറുപടി നൽകി.

ചീഫ് സേഫ്റ്റി ഓഫീസർ , ഇലക്ട്രിക്കൽ സർക്കിൾ , കോഴിക്കോട്

- ബേപ്പൂർ സെക്ഷൻ പരിധിയിൽ തിരക്കേറിയ റോഡിൽ, ഉപയോഗത്തിൽ ഇല്ലാത്ത പോസ്റ്റ് ഡിസ്മാൻഡിൽ ചെയ്യുന്നതിനിടെ പോസ്റ്റ് വീണു ഒരു ബൈക്ക് യാത്രികന് അപകടമരണം സംഭവിച്ചു. പ്രസ്തുത അപകടം വിശദീകരിച്ചു.

അധ്യക്ഷൻ

- ഉപഭോക്താവിന്റെ ഭാഗത്തുനിന്ന് പരാതികൾ ഉയരുമ്പോൾ കൃത്യസമയത്ത് സെക്ഷനുകളിൽ നടപടി സ്വീകരിക്കേണ്ടതാണ്. ബേപ്പൂരിൽ അപകടം നടന്ന പോസ്റ്റ് അഴിച്ചു മാറ്റുന്നതിന് ആറുമാസം മുമ്പ് പരാതി ലഭിച്ചിരുന്നു. ഈ പരാതിയിൽ നടപടി സ്വീകരിച്ചില്ല. കൂടാതെ ജൂൺ മാസത്തിലും ഇതേ പരാതി കസ്റ്റമർ കെയർ സെന്റർ വഴിയും ലഭിച്ചിരുന്നു. എന്നാൽ പരാതി പരിഹരിക്കാതെ, പരാതി സിസ്റ്റം വഴി ക്ലോസ് ചെയ്യുകയാണ് ഉണ്ടായത്. കൂടുതൽ പ്രശ്നങ്ങൾക്ക് വഴിതെളിക്കാതെ ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുവാൻ കൃത്യസമയത്ത് നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകി.

- എല്ലാ വർക്കുകളും മെഷർമെൻറ്, ചെക്ക് മെഷർമെൻറ് എന്നിവ ചെയ്യുന്നതിന് മുമ്പ് 100% പൂർത്തീകരിച്ചിട്ടുണ്ടെന്ന് അതതു അസിസ്റ്റൻറ് എൻജിനീയർമാരും അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർമാരും ഉറപ്പുവരുത്തുവാനും നിർദ്ദേശം നൽകി.

- വർക്കുകൾ പൂർത്തീകരിച്ചു എന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ മെഷർമെൻറ് എടുക്കാവൂ എന്ന് എല്ലാ അസിസ്റ്റൻറ് എൻജിനീയർമാർക്കും നിർദ്ദേശം നൽകുവാൻ സേഫ്റ്റി ഓഫീസർമാരോട് അധ്യക്ഷൻ നിർദ്ദേശിച്ചു.

ചീഫ് സേഫ്റ്റി ഓഫീസർ , ഇലക്ട്രിക്കൽ സർക്കിൾ , പാലക്കാട്

- പാലക്കാട് സർക്കിളിന് കീഴിൽ മെയ് ജൂൺ മാസകാലയളവിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.

- സർക്കിളിനു കീഴിൽ സുരക്ഷാ വാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

- എല്ലാ സെക്ഷനുകളിലും അപ്ഡേറ്റ് ചെയ്ത സിംഗിൾ ലൈൻ ഡയഗ്രാം പ്രദർശിപ്പിച്ചിട്ടുണ്ട്. Unautherised ആയിട്ടുള്ള കേബിളുകൾ അഴിച്ചുമാറ്റുന്നതിനായി കേബിൾ ടിവി ഓപ്പറേറ്റർമാർക്ക് നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

- ബോർഡ് ജീവനക്കാർക്കും കരാർ ജീവനക്കാർക്കും സേഫ്റ്റി അവയർനസ് ക്ലാസുകൾ നടത്തിയിട്ടുണ്ട്. കൽപ്പാത്തി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ കരാർ ജീവനക്കാരനു അപകടമരണം സംഭവിച്ചതിന്റെ പശ്ചാത്തലത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ലൈസൻസ് ഉള്ള കരാറുകാർക്ക് മാത്രമേ വർക്ക് ഓർഡർ നൽകുവാൻ പാടുള്ളൂ എന്ന് നിർദേശിച്ചിട്ടുണ്ട്. ഇതുമൂലം ഫീൽഡിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇൻ ചാർജ് ഓഫ് ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ ഷോർണ്ണൂർ

- ഷോർണ്ണൂർ സർക്കിളിനു കീഴിൽ മെയ്-ജൂൺ മാസക്കാലയളവിൽ രണ്ട് അപകടങ്ങളാണ് സംഭവിച്ചത്. ഈ അപകടങ്ങൾ ലോഹ തോട്ടിയുടെ ഉപയോഗം മൂലമാണ് ഉണ്ടായത്.

- പൊതുജന ബോധവൽക്കരണത്തിനായി മൈക്ക് അനൗൺസ്മെൻറ്, ലഘുലേഖ വിതരണം, ടിവി സ്ക്രോളിംഗ്, ഉപഭോക്തൃ വാട്സ്ആപ്പ് കൂട്ടായ്മ, സുരക്ഷാ സന്ദേശ

പ്രചരണം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

- സേഫ്റ്റി ഓഫീസർമാർ സുരക്ഷാ പരിശോധനകൾ നടത്തുന്നുണ്ട്.
- ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പ്രത്യേക താൽപര്യത്തിൽ സെക്ഷൻ പരിധികളിൽ ഉപയോഗത്തിൽ ഇല്ലാത്ത ലൈനുകൾ കണ്ടെത്തി അഴിച്ച് മാറ്റുന്നതിന് ഡിവിഷൻ തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.
- 2022 അപകടരഹിത വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി എല്ലാ സെക്ഷനുകളിലും മൈക്ക് അനൌൻസ്മെന്റ് , പൊതുസ്ഥലങ്ങളിൽ സുരക്ഷ സംബന്ധിച്ച വിശദീകരണ യോഗങ്ങൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട് .
- Inter link പോസ്റ്റുകളിൽ , ബോർഡ് സ്ഥാപിക്കൽ ,ഡെഡ് സ്പാൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും ചെയ്യുന്നുണ്ട്.
- സുരക്ഷാ വിജ്ഞാന സദസ്സ്, സേഫ്റ്റി ഓഡിറ്റ് എന്നിവ നടത്തുന്നുണ്ട്.

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ , ഇൻ ചാർജ് ഓഫ് ചീഫ് സേഫ്റ്റി ഓഫീസർ , ഇലക്ട്രിക്കൽ സർക്കിൾ , വടകര

- സർക്കിളിനു കീഴിൽ മേയ്-ജൂൺ മാസക്കാലയളവിൽ രണ്ട് നോൺ ഫാറ്റൽ അപകടങ്ങളാണ് സംഭവിച്ചത്.
- സേഫ്റ്റി ഓഫീസർമാർ ഇൻസ്പെഷനുകൾ നടത്തുന്നുണ്ട്.
- സെക്ഷൻ തലത്തിൽ Unautherised ജനറേറ്ററുകൾ കണ്ടെത്തി ലിസ്റ്റുകൾ ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. സുരക്ഷാ ഉപകരണങ്ങൾ ജീവനക്കാർക്ക് വാങ്ങി നൽകുന്നുണ്ട്. മൈക്ക് അനൗൺസ്മെൻറ്, കുടുംബശ്രീ, വിദ്യാലയങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് സുരക്ഷാ ക്ലാസുകൾ എന്നിവ പൊതുജനങ്ങൾക്കായി സംഘടിപ്പിച്ചിട്ടുണ്ട്. സുരക്ഷാ മീറ്റിങ്ങുകളും, സുരക്ഷാ വിജ്ഞാന സദസ്സുകളും, വാട്സ്ആപ്പ് കൂട്ടായ്മകൾ എന്നിവ നടത്തുന്നുണ്ട്.

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ ഇൻ ചാർജ് ഓഫ് ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ ,തിരൂർ

- മെയ്-ജൂൺ മാസക്കാലയളവിൽ തിരൂർ സർക്കിളിന് കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു .
- സർക്കിളിനു കീഴിൽ പുതുതായി ജോയിൻ ചെയ്ത എല്ലാ ഓവർസിയർമാർക്കും സബ് എഞ്ചിനീയർമാർക്കും സുരക്ഷാ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്.
- പൊതുജന ബോധവൽക്കരണത്തിനായി മൈക്ക് അനൗൺസ്മെൻറ്, വിദ്യാലയങ്ങൾ കുടുംബശ്രീ എന്നിവ കേന്ദ്രീകരിച്ച് സുരക്ഷാ ക്ലാസുകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.
- ഒരു വർഷം കൊണ്ട് എല്ലാ ലൈനുകളിലും സ്പേയ്സറുകൾ സ്ഥാപിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സ്പേയ്സറുകളുടെ ലഭ്യതക്കുറവ് അനുഭവപ്പെടുന്നുണ്ട്. Unautherised

ജനറേറ്ററുകൾ കണ്ടെത്തി ഫീൽഡ് ജീവനക്കാർ നോട്ടീസുകൾ നൽകുന്നുണ്ട്.

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ ഇൻ ചാർജ് ഓഫ് ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ ,മഞ്ചേരി

- മെയ്-ജൂൺ മാസക്കാലയളവിൽ മഞ്ചേരി സർക്കിളിന് കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.
- മൈക്ക് അനൗൺസ്മെൻറ്, സുരക്ഷാ ജാഥ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. Unautherised ജനറേറ്ററുകളുടെ പരിശോധനകൾ നടത്തി, അനോമലി കണ്ടെത്തിയവയ്ക്ക് നോട്ടീസുകൾ വിതരണം ചെയ്തിട്ടുണ്ട്.

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇൻ ചാർജ് ഓഫ് ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ നിലമ്പൂർ

- നിലമ്പൂർ സർക്കിളിനു കീഴിൽ മെയ് ജൂൺ മാസങ്ങളിൽ അപകടങ്ങൾ ഒന്നും സംഭവിച്ചിട്ടില്ല. ഓപ്പറേഷൻ മിന്നൽ, ഓപ്പറേഷൻ തുണ, ഓപ്പറേഷൻ ശുദ്ധി തുടങ്ങിയ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. സുരക്ഷാ വാരത്തിന്റെ ഭാഗമായി കരാർ ജീവനക്കാർ, സൂപ്പർവൈസറി ജീവനക്കാർ എന്നിവർക്ക് ട്രെയിനിങ്ങുകൾ സംഘടിപ്പിച്ചിട്ടുണ്ട്. . കുടുംബശ്രീ, പഞ്ചായത്തുകൾ എന്നിവ കേന്ദ്രീകരിച്ച് സുരക്ഷാ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്. മൈക്ക് അനൗൺസ്മെൻറ്, സുരക്ഷയുമായി ബന്ധപ്പെട്ട കലാജാഥ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

അധ്യക്ഷൻ

മെയ്-ജൂൺ മാസക്കാലയളവിൽ നിലമ്പൂർ സർക്കിളിന് കീഴിൽ അപകടങ്ങൾ ഒന്നും തന്നെ സംഭവിച്ചിട്ടില്ല. നിലമ്പൂർ സർക്കിളിൽ നടപ്പിലാക്കിയ സുരക്ഷാപ്രവർത്തനങ്ങളെ അധ്യക്ഷൻ അഭിനന്ദിച്ചു. ഇത്തരം പ്രവർത്തനങ്ങൾ മറ്റു സർക്കിളുകൾ കൂടി നടപ്പിലാക്കേണ്ടതാണ്.

ചീഫ് സേഫ്റ്റി ഓഫീസർ കണ്ണൂർ ഇൻ ചാർജ് ഓഫ് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ , ഡിസ്ട്രിബ്യൂഷൻ (നോർത്ത് മലബാർ)

- മെയ്-ജൂൺ മാസക്കാലയളവിൽ മേഖലയിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു .ഓപ്പറേഷൻ തുണ, ഓപ്പറേഷൻ ശുദ്ധി ,ഓപ്പറേഷൻ മിന്നൽ, സിംഗിൾ ലൈൻ ഡയഗ്രം അപ്ഡേഷൻ, സുരക്ഷാ വിജ്ഞാന സദസ്സ്, ജീവനക്കാർക്ക് ട്രെയിനിംഗ് ക്ലാസുകൾ, സേഫ്റ്റി ഓഡിറ്റ് തുടങ്ങിയ പ്രവർത്തനങ്ങൾ സർക്കിളിനു കീഴിൽ നടത്തുന്നുണ്ട്.
- പൊതുജന ബോധവൽക്കരണത്തിനായി മൈക്ക് അനൗൺസ്മെൻറ്, കുടുംബശ്രീ പഞ്ചായത്തുകൾ, വിദ്യാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് സുരക്ഷാ ക്ലാസുകൾ തുടങ്ങിയവ നടത്തുന്നുണ്ട്. ലോക്കൽ കേബിൾ ടിവി ചാനലുകളിൽ സുരക്ഷാസന്ദേശം സ്ലോളിംഗുകൾ ആയി നൽകുന്നുണ്ട്. സുരക്ഷാ പരിശോധനകൾ, സുരക്ഷാ മീറ്റിംഗുകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.
- കോടിയേരി സെക്ഷനിൽ കഴിഞ്ഞവർഷം സംഭവിച്ച അപകടം മരണത്തിന്റെ സ്മരണാർത്ഥം എല്ലാ സെക്ഷനുകളിലും യോഗങ്ങളും, ഫസ്റ്റ് എയ്ഡ് ക്ലാസുകൾ, സുരക്ഷ ക്ലാസുകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

ചീഫ് സേഫ്റ്റി ഓഫീസർ ഇലക്ട്രിക്കൽ സർക്കിൾ കൽപ്പറ്റ

- മെയ്-ജൂൺ മാസകാലയളവിൽ കൽപ്പറ്റ സർക്കിളിന് കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.
- പൊതുജന ബോധവൽക്കരണത്തിനായി മൈക്ക് അനൗൺസ്മെൻറ്, ലഘുലേഖ വിതരണം സൈക്കിൾ റാലി എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.
- കൽപ്പറ്റ ഡിവിഷന്റെ ആഭിമുഖ്യത്തിൽ ഡിവിഷന് കീഴിൽ സൈക്കിൾ റാലി സുരക്ഷാസന്ദേശ പ്രചരണം എല്ലാ സെക്ഷനു കീഴിലും നടത്തിയിട്ടുണ്ട്. സുരക്ഷാ മീറ്റിംഗുകൾ, സുരക്ഷാ ക്ലാസുകൾ, സുരക്ഷാ വിജ്ഞാന സദസ്സ്, സുരക്ഷാ പരിശോധനകൾ എന്നിവ നടത്തിയിട്ടുണ്ട്. Unautherised ജനറേറ്ററുകൾ കണ്ടെത്തിയ സ്ഥലങ്ങളിലെല്ലാം നോട്ടീസുകൾ വിതരണം ചെയ്തിട്ടുണ്ട്. ഓപ്പറേഷൻ ശുദ്ധിയോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.

ചീഫ് സേഫ്റ്റി ഓഫീസർ , ഇലക്ട്രിക്കൽ സർക്കിൾ , ശ്രീകണ്ഠാപുരം

- മെയ്-ജൂൺ മാസക്കാലയളവിൽ സർക്കിളിനു കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.
- സുരക്ഷാ മീറ്റിംഗുകൾ, സുരക്ഷാ പരിശോധനകൾ, സുരക്ഷാ വിജ്ഞാന സദസ്സ് ഓപ്പറേഷൻ മിന്നൽ, ഓപ്പറേഷൻ തുണ, ഓപ്പറേഷൻ ശുദ്ധി തുടങ്ങിയ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് . Unautherised ജനറേറ്ററുകളുടെ പരിശോധനകൾ നടത്തുന്നുണ്ട്. സിംഗിൾ ലൈൻ ഡയഗ്രം അപ്ഡേഷൻ, ഇൻറർ ലിങ്ക് പോസ്റ്റ് ഐഡന്റിഫിക്കേഷൻ, സ്പെയ്സർ ഇൻസ്റ്റലേഷൻ എന്നീ പ്രവർത്തനങ്ങൾ ചെയ്തുവരുന്നുണ്ട്. പൊതുജന ബോധവൽക്കരണത്തിനായി കുടുംബശ്രീ, വിദ്യാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് സുരക്ഷാ ക്ലാസുകൾ നടത്തുന്നുണ്ട്.

ചീഫ് സേഫ്റ്റി ഓഫീസർ , ഇലക്ട്രിക്കൽ സർക്കിൾ ,കാസർഗോഡ്

- മെയ്-ജൂൺ മാസകാലയളവിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.
- സുരക്ഷാ പരിശോധനകൾ, ഓപ്പറേഷൻ മിന്നൽ ,ഓപ്പറേഷൻ തുണ, ഓപ്പറേഷൻ ശുദ്ധി ,സുരക്ഷാ വിജ്ഞാന സദസ്സ്, Unautherised ജനറേറ്ററുകളുടെ പരിശോധനകൾ തുടങ്ങിയവ നടത്തുന്നുണ്ട്.

അധ്യക്ഷൻ

- ബ്രേക്ക് ഡൗൺ മെയിൻറനൻസ്, നാച്ചുറൽ കലാമിറ്റിയോടനുബന്ധിച്ചുള്ള വർക്കുകൾ തുടങ്ങിയ ജോലികൾ നടത്തുമ്പോൾ ജീവനക്കാർക്ക് കൂടുതലായി അപകടങ്ങൾ സംഭവിക്കുന്നു. കൃത്യമായ പ്രിവെൻടീവ് മെയിന്റനൻസ് നടപ്പിലാക്കുകയാണെങ്കിൽ ഇത്തരം അപകടങ്ങൾ കുറയ്ക്കുവാൻ സാധിക്കുന്നതാണ്. ആയതിനാൽ പ്രിവന്റീവ് മെയിന്റനൻസ് വർക്കുകൾക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് നടപ്പിലാക്കേണ്ടതാണ്.
- ഡി ഓ ഫ്യൂസ് കെട്ടുമ്പോഴും, എ ബി സ്വിച്ച് ക്ലോസ് ചെയ്യുമ്പോഴും നമ്മുടെ ജീവനകാർക്ക് കൂടുതലായി അപകടങ്ങൾ സംഭവിക്കുന്നു. ശരിയായ സുരക്ഷ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മാത്രം വൈദ്യുത ജോലികൾ

നടപ്പിലാക്കുന്നതിനായി എല്ലാ സേഫ്റ്റി ഓഫീസർമാരും ശ്രദ്ധിക്കേണ്ടതാണ്.

പകൽ 5 .30 ന യോഗ നടപടിക്രമങ്ങൾ അവസാനിച്ചു.

ചീഫ് എഞ്ചിനീയർ എസ് സി എം & ചീഫ് സേഫ്റ്റി കമ്മീഷണ ർ

പകർപ്പ് സമർപ്പണം : ഡയറക്ടർ (ട്രാൻസ്മിഷൻ ,സിസ്റ്റം ഓപറേഷൻ , പ്ലാനിംഗ് & സേഫ്റ്റി) / (ഡിസ്ട്രിബ്യൂഷൻ & എസ്.സി,എം)/ (ജനറേഷൻ ഇല.)/ ഉത്പാദന , പ്രസരണ , വിതരണ വിഭാഗങ്ങളിലെ ചീഫ് എൻജിനീയർമാർ .

പകർപ്പ് : 1. ടി.എ റ്റു C.M.D, KSEBL
2. യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും.

DETAILS OF ACCIDENTS FROM BOARD INSTALLATION(May- June)				
	2022		2021	
	Fatal	Non Fatal	Fatal	Non Fatal
Board Staff	1	8	1	11
Contract Worker	3	8	6	15
Public	19	17	21	22
Total	23	33	28	48
Grand Total	56		76	
Animal	9	0	16	0

DETAILS OF ACCIDENTS FROM CONSUMER INSTALLATION DURING MAY AND JUNE				
	2022		2021	
	Fatal	Non Fatal	Fatal	Non Fatal
Board Staff	0	0	0	0
Contract Worker	0	0	0	0
Public	17	3	25	1
Total	17	3	25	1
Grand Total	20		26	
Animal	6		10	

DETAILS OF ACCIDENTS FROM BOARD INSTALLATION DURING 2021 & 2020				
	2021		2020	
	Fatal	Non Fatal	Fatal	Non Fatal
Board Staff	8	69	12	81
Contract Worker	16	79	12	87
Public	75	92	87	85
Total	99	240	111	253
Grand Total	339		364	

DETAILS OF ACCIDENTS FROM BOARD INSTALLATION DURING 2021 & 2020				
	2021		2020	
	Fatal	Non Fatal	Fatal	Non Fatal
Board Staff	8	69	12	81
Contract Worker	16	79	12	87
Public	75	92	87	85
Total	99	240	111	253
Grand Total	339		364	

Analysis of accidents from May to June 2022

	REGION	Electrical Circle	No. of Ele Sections	No. of acc	Board Installation							Consumer Premise									No. of victims
					BS		CW		Public		Total	BS		CW		Public		Total	Animal		
					F	NF	F	NF	F	NF		F	NF	F	NF	F	NF		BI	CP	
1	SOUTH	Thiruvananthapuram	43	5		1		1			2							0		1	3
2		Kattakada	36	10		1		3	4		8							0	1		9
3		Kollam	27	6				1			1				1	4		5		0	7
4		Kottarakkara	28	6		1			1	1	3							0	2		5
5		Pathanamthitta	32	3				1	1	1	3							0			3
6		Kottayam	31	2					1		1							0			1
7		Pala	21	2					1		1							0	1		2

					Analysis of Accidents from May to June 2022.																
	REGION	Electrical Circle	No. of Ele Sections	No. of acc	Board Installation							Consumer Premise									No. of victims
					BS		CW		Public		Total	BS		CW		Public		Total	Animal		
					F	NF	F	NF	F	NF		F	NF	F	NF	F	NF		BI	CP	
1	CENTRAL	Harippad	23	2		1				1	2	0						0			2
2		Alappuzha	24	6		1	1			3	5					2	1	3			8
3		Ernakulam	34	4						3	3							0	2		5
4		Perumbavoor	53	7					1		1					4		4			5
5		Thodupuzha	29	4	1				1		2							0	1		3
6		Irinjalakuda	33	7		1			1	1	3					1		1		1	5
7		Thrissur	40	7				1	1	2	4					1		1		2	7
		Total	**236**	**37**	**1**	**3**	**1**	**1**	**4**	**10**	20	**0**	**0**	**0**	**0**	**8**	**1**	9	**3**	**3**	35

Analysis of accidents from May to June 2022																					
	REGION	Electrical Circle	No. of Ele Sections	No. of acc	Board Installation							Consumer Premise									No. of victims
					BS		CW		Public		Total	BS		CW		Public		Total	Animal		
					F	NF	F	NF	F	NF		F	NF	F	NF	F	NF		BI	CP	
1	SOUTH	Thiruvananthapuram	43	5		1		1			2							0		1	3
2		Kattakada	36	10		1		3	4		8							0	1		9
3		Kollam	27	6				1			1				1	4		5		0	7
4		Kottarakkara	28	6		1			1	1	3							0	2		5
5		Pathanamthitta	32	3				1	1	1	3							0			3
6		Kottayam	31	2					1		1							0			1
7		Pala	21	2					1		1							0	1		2

					Analysis of Accidents from May to June 2022.																
	REGION	Electrical Circle	No. of Ele Sections	No. of acc	Board Installation							Consumer Premise									No. of victims
					BS		CW		Public		Total	BS		CW		Public		Total	Animal		
					F	NF	F	NF	F	NF		F	NF	F	NF	F	NF		BI	CP	
1	CENTRAL	Harippad	23	2		1				1	2	0						0			2
2		Alappuzha	24	6		1	1			3	5					2	1	3			8
3		Ernakulam	34	4						3	3							0	2		5
4		Perumbavoor	53	7					1		1					4		4			5
5		Thodupuzha	29	4	1				1		2							0	1		3
6		Irinjalakuda	33	7		1			1	1	3					1		1		1	5
7		Thrissur	40	7				1	1	2	4					1		1		2	7
		Total	**236**	**37**	**1**	**3**	**1**	**1**	**4**	**10**	20	**0**	**0**	**0**	**0**	**8**	**1**	9	**3**	**3**	35

Analysis of accidents from May to June 2022

	REGION	Electrical Circle	No. of Ele Sections	No. of acc	Board Installation							Consumer Premise									No. of victims
					BS		CW		Public		Total	BS		CW		Public		Total	Animal		
					F	NF	F	NF	F	NF		F	NF	F	NF	F	NF		Bl	CP	
1	SOUTH	Thiruvananthapuram	43	5		1		1			2							0		1	3
2		Kattakada	36	10		1		3	4		8							0	1		9
3		Kollam	27	6				1			1				1	4		5		0	7
4		Kottarakkara	28	6		1			1	1	3							0	2		5
5		Pathanamthitta	32	3				1	1	1	3							0			3
6		Kottayam	31	2					1		1							0			1
7		Pala	21	2					1		1							0	1		2

Analysis of accidents from MAY TO JUNE 2022																						
	REGION	Electrical Circle	No. of Ele Sections	No. of acc	Board Installation							Consumer Premise										No. of victims
					BS		CW		Public		Total	BS		CW		Public		Total	Animal			
					F	NF	F	NF	F	NF		F	NF	F	NF	F	NF		BI	CP		
1	NORTH MALABAR	Kalpetta	18	1	0	0	0	0	0		0	0	0	0	0	0	0	0	0	0	0	
2		Kannur	30	5						2	2						1	1			3	
3		Sreekandapuram	30	1							0						1	1			1	
4		Kasaragod	30	2		1					1							0			1	
		Total	**108**	**9**	**0**	**1**	**0**	**0**	**0**	**2**	3	**0**	**0**	**0**	**0**	**0**	**2**	2	**0**	**0**	5	